## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4938

27.10.2016- ൽ മറുപടിയ്ക്ക്

### കുത്തകപ്പാട്ട ഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി

ചോദ്യം
ശ്രീ.എം.എം.മണി

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) 1-1-1977 ന് മുമ്പ് മുതൽ കർഷകരുടെ കൈവശമിരിക്കുന്ന കുത്തകപ്പാട്ട ഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) 1993 ലെ ഭൂമി പതിവ് (01.01.1977 ന് മുമ്പുള്ള വനഭൂമി കയ്യേറ്റം ക്രമീകരിയ്ക്കൽ) പ്രത്യേക ചട്ടത്തിൽ കുത്തകപാട്ടഭൂമിയ്ക്ക് പട്ടയം നൽകാൻ വ്യവസ്ഥ ഇല്ലാത്തതാകുന്നു. എന്നാൽ ഇടുക്കി ജില്ലയിലെ ഏലത്തോട്ട ഭൂമിയിൽ 01.01.1977 ന് മുമ്പ് ഏലേതര കൃഷിയ്ക്കായി വിളപരിവർത്തനം ചെയ്യപ്പെട്ടതും ലാന്റ് രജിസ്റ്ററിൽ പ്രസ്തുത വിളപരിവർത്തനം സാധൂകരിയ്ക്കുന്ന രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യുന്ന പക്ഷം ടി ഭൂമിയിലെ കൈവശക്കാർക്ക് പട്ടയം നൽകാൻ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നു. അപ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) പ്രസ്തുത കർഷകർ പാട്ടം നൽകി വരുന്നുണ്ടോ; | (ബി) ഇടുക്കി ജില്ലയിലെ കാർഡമം ഭൂമിയിൽ കർഷകർ പാട്ടം നൽകി വരുന്നുണ്ട്. |
| (സി) ഇപ്രകാരം കർഷകരുടെ ഭൂമിക്ക് പട്ടയം നൽകുന്ന പക്ഷം ഇവർ സ്ഥലം ക്രയവിക്രയം നടത്തിവരുമ്പോൾ സർക്കാരിന് രജിസ്ട്രേഷൻ,സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ലഭിക്കാവുന്ന വരുമാനത്തെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; | (സി) പഠനം നടത്തിയിട്ടില്ല. |
| (ഡി) കുത്തകപ്പാട്ട ഭൂമിക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ഡി) കുത്തകപ്പാട്ട ഭൂമിയ്ക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ